കാർഷിക ഗ്രാമവികസന ബാങ്കിന്റെ മേഖലാ ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ

92 [4971] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മേഖലാ ഓഫീസ് കെട്ടിടം പണിയുന്നതിനും വസ്തു വാങ്ങുന്നതിനും എത്ര തുക നാളിതുവരെ ചെലവാക്കിയെന്നും ഇതിന്റെ തുടക്കത്തിലുള്ള എസ്റ്റിമേറ്റ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർക്കാണ് കരാർ നൽകിയിരിക്കുന്നത്;

(സി) കോട്ടയത്ത് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മേഖലാ ഓഫീസ് കെട്ടിടം വാങ്ങാൻ എന്തു തുകയാണ് ചെലവഴിച്ചത്;

(ഡി) കെട്ടിടം വാങ്ങുന്നതിന് ഇടനിലക്കാരനായി പ്രവർത്തിച്ചത് ആരാണെന്ന് വ്യക്തമാക്കാമോ; ഇനി എത്ര തുക കൂടി ചെലവഴിച്ചാലാണ് ഈ കെട്ടിടത്തിലേക്ക് ബാങ്ക് മാറ്റാൻ കഴിയുക;

(ഇ) ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസിന് എത്ര രൂപയാണ് വാടക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വസ്തു വാങ്ങുന്നതിന് 3.15 ലക്ഷം രൂപയും കെട്ടിടം പണിയുന്നതിന് 67.37 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. തുടക്കത്തിലുള്ള എസ്റ്റിമേറ്റ് 48 ലക്ഷം രൂപയുടേതായിരുന്നു.

(ബി) സോജ് അസോസിയേറ്റ്സ്, പാലാ എന്ന സ്ഥാപനത്തിന്.

(സി) 57.62 ലക്ഷം രൂപ.

(ഡി) ഇടനിലക്കാരായി ആരും പ്രവർത്തിച്ചിട്ടില്ല. ഉദ്ദേശം 19.92 ലക്ഷം രൂപ കൂടി ചെലവഴിച്ചാൽ ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ബാങ്കിന് പ്രവർത്തിക്കാൻ കഴിയുംവിധം പണി പൂർത്തിയാക്കാം.

(ഇ) പ്രതിമാസവാടക 3000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly